


*LITTLE KITES DIGITAL MAGAZINE 2019-20*



# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഇന്ന് ഹൈടെക്ക് പദ്ധതികളിലൂടെയാണ് മുന്നോട്ട് പോകുന്നത്. പുസ്തകത്തിൽ എഴുതിയ അറിവുകൾ വായിച്ചു പഠിക്കുന്നതിനപ്പുറമെ സാങ്കേതിക വിദ്യയിലൂടെ കുട്ടികൾ മുന്നേറുന്നതിനുള്ള വിദ്യാഭ്യാസ പ്രക്രിയയാണ് ഹൈടെക്ക് പദ്ധതി . സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു പുതിയതലമുറയെ രൂപപ്പെടുത്തിയെടുക്കാനും ഇവ പലപ്രദമായി ഉപയോഗിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു.

പുതുതലമുറയെ ഗുണപരമായും സർഗാത്മകമായും സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിനായി ഒരുക്കിയെടുക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ . ടി കൂട്ടായ്മ ഹൈടെക്ക് പദ്ധതിയുടെ മറ്റൊരു ഇതളാണ്. ആകർഷകമായ പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ഇതിലൂടെ കുട്ടികൾക്ക് ലഭിക്കുന്നത് .

# ആശംസ



P. V. GOPINATHAN
HEAD MASTER

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്ത്വത്തിൽ തയ്യാറാക്കുന്ന മാഗസിൻ വിദ്യാർത്ഥികളുടെ സർഗ്ഗശേഷികളുടെ ബഹിർ സ്ഫുരണമായിത്തീരട്ടെയെന്ന്

*ആശംസിക്കുന്നു.*

# EDITORIAL BOARD

## MEMBERS:

SHAZA AZEEZ
FATHIMA SANA VC
FATHIMATHUL HIBA
FATHIMATHUL SAFA
FATHIMATH RAFNA
FATHIMATH RIYA
NANDHANA NEELAKANDAN
FIDHA FATHIMA
MUHAMMED SAJEEF

## THANKS :

JABIR SIR
DHANYA TEACHER

# താളുകളിലൂടെ

1. പരിഗണനയുടെ നനവ്..........................6
2. വായനയിലൂടെ അറിവിന്റെ ലോകത്തേക്ക്...............9
3. Our School Channel.......................10
4. Mother's Grief...........................11
5. തണൽ മരം..................................12
6. മിഡിൽ ബെഞ്ചേർസ്............................13
7. മഹാപ്രളയം ...............................16
8. ഇന്നലകളേ..................................19
9. Proud Of You.............................20
10. Quotes Of Kalam.........................21
11. ഓർമ്മകൾ.................................22
12. Trees Of Life...........................24
13. Butterflies.............................25
14. The Dandelion...........................26
15. സ്നേഹം..................................27
16. പാടത്തേക്ക്...............................28
17. Bunny's House...........................30
18. സൂര്യൻ...................................31
19. പിരിയാൻ പറ്റാത്ത രണ്ട് ഹൃദയങ്ങൾ................32
20. ബഷീർ എന്ന ബല്ല്യ ഒന്ന്......................34
21. സ്മരണ....................................36
22. മുന്നോട്ട്..................................37
23. സ്നേഹം..................................39

# പരിഗണനയുടെ നനവ് നൽകാം നമ്മുടെ മലർമൊട്ടുകൾക്ക്



ഇന്ന് 5 C ക്ളാസ്സിലെ ക്ളാസ്സ് ടീച്ചർ ലീവായതിനാൽ ഹാജറെടുക്കാൻ പോയതാണ്..പതിവുള്ള 'ഗുഡ് മോണിംഗിന്' പകരം "ഹാപ്പി ചിൽഡ്രൺസ് ഡേ" എന്ന് ഒരേ താളത്തിൽ പറഞ്ഞാണ് കുട്ടികൾ എന്നെ എതിരേറ്റത്...😍

അപ്പോഴാണ് ഞാനോർത്തത്..ഇത് ഞാനവരോട് പറയേണ്ടതല്ലേ...🤔

ഞാനും അവർക്കാശംസകൾ നേർന്നു....

"ഇന്ന് ചിൽഡ്രൺസ് ഡേ അല്ലേ,സാർ പാട്ടു പാടണം " എന്നായി കുസൃതികൾ..

പാട്ടു പാടാതെ ഇനി അവരടങ്ങില്ല...രണ്ട് വരി പാട്ടിലൂടെ ഞാനവരെ പതിയെ ഒരു കഥയിലേക്ക് കൂടെക്കൂട്ടി...

" ചവച്ചരച്ചിറക്കിടാം
കഴിച്ചിടുന്നതൊക്കെയും..
ചവച്ചരച്ച് മെല്ലവേ
ഇറച്ചി,ചോറ്,മീൻ കറീം...."

'ടോട്ടോചാൻ' എന്ന വികൃതിക്കുട്ടിക്ക് ഏറെ ഇഷ്ടപ്പെട്ട 'റ്റോമോ' എന്ന വിദ്യാലയത്തിലെ ഉച്ചയൂണിന് മുൻപുള്ള പാട്ടാണിത്..

'തെത്സുകോ കുറോയാനഗി' എന്ന ജപ്പാനീസ് എഴുത്തുകാരൻറെ *ടോട്ടോചാൻ- ജനാലക്കരികിലെ വികൃതിക്കുട്ടി* എന്ന കഥ യഥാർത്ഥത്തിൽ പറഞ്ഞ് കൊടുക്കേണ്ടത് കുഞ്ഞുങ്ങൾക്കല്ല, മുതിർന്നവർക്കാണ്..

*"കുഞ്ഞുങ്ങളുടെ സഹജമായ ഇച്ഛകളെ തുരങ്കം വെക്കാതിരിക്കുക..അവരുടെ സ്വപ്നങ്ങൾ തീർച്ചയായും നിങ്ങളുടേതിനേക്കാൾ മഹത്തരമാണ്..."*
കുട്ടികളെപ്പറ്റി വായിച്ചിട്ടുള്ളതിൽവെച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ചില വരികളുണ്ട്; ഖലീൽ ജിബ്രാന്റെ 'പ്രവാചകൻ' എന്ന പുസ്തകത്തിലെ വരികളാണത്.

*അവർക്ക് നിങ്ങളുടെ സ്നേഹം നൽകാം;*

*പക്ഷേ, നിങ്ങളുടെ ചിന്തകൾ നൽകരുത്,*

*എന്തെന്നാൽ അവർക്ക് അവരുടേതായ ചിന്തകളുണ്ട്.*

*അവരുടെ ശരീരങ്ങൾ സൂക്ഷിക്കാൻ*

*നിങ്ങൾക്ക് വീടുകളൊരുക്കാം.*

*പക്ഷേ, അവരുടെ ആത്മാക്കളെ നിങ്ങൾക്ക് കൂട്ടിലൊതുക്കാനാവില്ല*

*എന്തെന്നാൽ, നിങ്ങൾക്ക് സ്വപ്നത്തിൽപ്പോലും അപ്രാപ്യമായ ഭാവിയുടെ ഭവനങ്ങളിലാണ് അവരുടെ ആത്മാക്കൾ വസിക്കുന്നത്.*

*അവരെപ്പോലെയാകാൻ നിങ്ങൾക്ക് ശ്രമിക്കാം;*

*എന്നാലൊരിക്കലും അവരെ നിങ്ങളെപ്പോലെയാക്കാൻ ശ്രമിക്കരുത്*

*എന്തെന്നാൽ ജീവിതം ഒരിക്കലും പിറകിലേക്ക് പറക്കുന്നില്ല*

***നാളെയുടെ നറുപുഷ്പങ്ങളായ മക്കളെ പരിഗണനയുടേയും സ്നേഹത്തിൻറേയും നൻമയുടേയും നനവ് നൽകി കാത്തു സൂക്ഷിക്കാം . . .***

***–ജാബിർ മാസ്റ്റർ***

## *വായനയിലൂടെ അറിവിന്റെ ആകാശത്തേക്ക്*




അനുഭവിച്ചറിയാൻ കഴിയുന്നതിനേക്കാൾ കൂടുതൽ വായിച്ചറിയാൻ കഴിയും. വായന നമുക്ക് നൽകുന്ന കരുത്ത് വലുതാണ്.വായനയിലൂടെ ക ണ്ടെത്തിയ നല്ല കഥാപാത്രങ്ങൾ നമ്മെ ചിന്തിക്കാൻ പ്രേരിപ്പിക്കും. മഹത്തുക്കളുടെ ജീവചരിത്രം

നല്ല മനുഷ്യരാകാൻ നമുക്ക് പ്രചോദനമാകും. നല്ലമനുഷ്യരുടെ ജീവചരിത്രങ്ങൾ വായിച്ചകുട്ടിയും അവയൊന്നും വായിക്കാത്ത കുട്ടിയും ഒരുപോലെയാവില്ല തീർച്ച. പാഠഭാഗങ്ങൾ മാത്രമല്ല അറിവിന്റെ ശേഖരണങ്ങൾ അവയ്ക്ക് പുറത്തുമുണ്ട് വായിക്കാനേറെ. ഓരോ പാഠവും പഠിക്കുമ്പോൾ അധികവായനയ്ക്കുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ നന്ന് ശേഖരിക്കണം.

വായനാനുഭവങ്ങളുടെ കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കാം.

ആശയങ്ങൾ കൂട്ടുകാരുമായും അധ്യാപകരുമായും പങ്കുവയ്ക്കണം. നല്ല വായനാഡയറിക്ക് സമ്മാനം നൽകുന്നതാണ്.നന്നായി എഴുതാനുള്ള കഴിവ് പരിശ്രമത്തിലൂടെയെ

ആർജിക്കാനാവൂ. ഡയറിയെഴുത്ത് അതിന് നമ്മെ പ്രാപ്തരാക്കും.

**അറിവുള്ളവർക്കേ ലോകത്തെ നയിക്കാനാവൂ**

SAFA FATHIMA K.P
*IX-C*

## *Our School Channel*

***exclusive interview***

school parliament election

gandhi jayanthi celebration

onam celebration

# MOTHER'S GRIEF


*A Mother's grief and*
*tears are not signs of*
*weakness and self pity.*
*But manifestation of*
*great love and a courage*
*bone of desperation.....*
*and Hope.*



*Shaza Azeez*

***IX-D***

# തണൽ മരം




ഭൂമിയിലെല്ലാം വൃക്ഷങ്ങളാണ്
എന്നിലെല്ലാം എൻ അമ്മയാണ്
വൃക്ഷമായി വായുവായി വെള്ളമായി
അമ്മ എന്നിൽ നിലനിൽക്കയാണ്

ഭൂമിയുടെ താളം പുഴകളാണ്
എന്റെ എല്ലാം എൻ അമ്മയാണ്
വൃക്ഷങ്ങളൊന്നും ഇല്ലെങ്കിൽ

ഏകയാണോകയാണിന്നീ പ്രകൃതി അമ്മയെന്നുമെൻ
അരികിലില്ലെങ്കില്
ഒറ്റയാണൊറ്റയാണ് ഞാനീ ഭൂമിയിൽ
എന്തെന്ന് ഏതെന്ന് എല്ലാം മറന്നാലും
പെറ്റമ്മയെ മറക്കുകില്ല ഞാൻ
വിധിയിന്നെന്നെ ഒറ്റയാക്കി
അമ്മയ്ക്ക് ഭാരമായി തീർന്നു ഞാൻ
അമ്മതൻ വിധിപോലെ ഞാൻ
ഉരുകിയുരികി ഒഴുകുകയാണ്.

***SANA V.C***
***IX D***

# *മിഡിൽ ബെഞ്ചേർസ്*



ചൂരൽ' എത്രയോ രാത്രിയിൽ കണക്ക് മാഷിന്റെ കയ്യിൽ ഇരുന്ന ഇവൻ അട്ടഹസിക്കുന്നത് സ്വപ്നം കണ്ട് ഞെട്ടി ഉണർന്നിരിക്കുന്നു.... അന്ന് ഇവനെ കയ്യിൽ എടുത്ത് ചൂണ്ടി കാണിച്ചാണ് മാഷ് ഇരിക്കാനുള്ള ബഞ്ച് കാട്ടി തന്നത്... എന്റെ സ്ഥാനം നടുവിലെ ബഞ്ചിലായി.... അവിടെയാണ് എന്റെ കണക്കുകൾ പിഴച്ചത്..... ഏറ്റവും മുന്നിലെ രണ്ട് വരി ബഞ്ചിൽ ഇവൻ ചൂണ്ടി ഇരുത്തിയ പഠിപ്പിസ്റ്റുകൾക്ക് ഇവൻ നൽകിയത് തലോടലായിരുന്നു... അവരൊക്കെ ഇന്ന് ഡോക്ടറും എൻജിനീയറും വക്കീലൻമാരുമായി രക്ഷപ്പെട്ടു .... ഏറ്റവും പുറകിലെ രണ്ട് വരി ബഞ്ചിൽ ഇവൻ ചൂണ്ടി ഇരുത്തിയ കുരുത്ത കേടുള്ള ടീമിനെ ഇവൻ തലോടിയില്ല പകരം പൊതിരെ തല്ലി .... അവരൊക്കെ ഇന്ന് ദിവസം 1500 രൂപ കൂലി വാങ്ങുന്ന ആശാരിപണിക്കാരനും തേപ്പു പണിക്കാരനും വാർക്കപണിക്കാരനും മേസ്ത്തിരിയുമൊക്കെ ആയി...... നടുവിലത്തെ രണ്ട് വരിയിലിരുന്ന ഞങ്ങൾ കുറച്ച് പേർക്ക്

ഇവൻ ഇടയ്ക്ക് നല്ല തലോടലും ഇടയ്ക്ക് നല്ല തല്ലും തന്ന് ആശയകുഴപ്പത്തിലാക്കി.... ചുരുക്കത്തിൽ പറഞ്ഞാൽ ഞങ്ങളെ ലാളിച്ച് പ്രതീക്ഷ തന്ന വഷളാക്കി.... അതുകൊണ്ട് ഞങ്ങളാരും ഡോക്ടറോ എൻജിനീയറോ ആയില്ല.... എന്നാലോ ഒരു ആശാരിയോ മേസ്തിരിയോ ആവാനും കഴിഞ്ഞില്ല..... പക്ഷെ ഒന്നായിട്ടോ..... ഒരു പാട് പെൺകുട്ടികളുടെ മാതാപിതാക്കളുടെ മനസ്സ് നിറച്ച കൊണ്ട് രാവിലേയും വൈകുന്നേരവും കോളേജ് വിട്ടു വരുന്നവരെ ഒരു പോറലുമേൽക്കാതെ അവരവരുടെ വീട്ടിലെ ഗെയിറ്റ് വരെ കൊണ്ടാക്കിവരുന്ന നിസ്വാർത്ഥ സേവനം ചെയ്യുന്ന നന്മയുള്ള സ്നേഹമുള്ള സേവന മനോഭാവമുള്ള ഉത്തമ പൗരൻമാരാക്കി ഞങ്ങളെ മാറ്റി .........!!!!

**തോറ്റ പോകുമെന്ന് തോന്നിയാലും ഭയപ്പെടരുത് തോൽവിയിൽ പോലും ധീരത കാട്ടുന്നവർ ഒരിക്കൽ അന്തസ്സായി ജീവിക്കുന്നത് കാണാം . .**



# മഹാപ്രളയം

കനത്ത മഴയിലും പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായാണ് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത്.14 പേരെ കാണാതായി കാലവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 3,91,494 ലക്ഷം കുടുമ്പങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജീവിക്കേണ്ട അവസ്ഥയിലെത്തി. കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചു.പ്രാഥമിക വിലയിരുത്തൽ പ്രകാരം ഏകദേശം 40,000 കോടി രൂപയുടെ നഷ്ട്ടമാണ് കേരളത്തിന് സംഭവിച്ചത്.ഉയർന്ന അളവിൽ മഴ പെയ്യതിന്റെ ഫലമായാണ് ദുരന്തം സംഭവിച്ചത്.

അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്നുവിട്ടതാണ് വെള്ളപ്പൊക്കത്തിന് കാരണമായതെന്ന ആരോപണങ്ങൾ കേന്ദ്രജലകമമീഷൻ തന്നെ തള്ളിയിരുന്നു

യഥാർത്ഥത്തിൽ ഡാമുകളിലേക്ക് ഒഴുകിയത്തിയതിൽ

ഒരു ഭാഗം മാത്രമാണ് പുറത്തേക്ക് തുറന്ന് വിട്ടത്. ഒരു ഭാഗം ജലം ഡാമിൽ തന്നെ പിടിച്ച് നിർത്തുകയും അത്രതോളം

പ്രളയത്തിൻെറ രൂക്ഷത കുറയ്ക്കാനും സഹായകരമായ് എന്നാണ് കേന്ദ്രജലകമമീഷൻെറ കണ്ടത്തൽ

ഇടുക്കിയിൽ ജലനിരപ്പ് ഉയർന്നിട്ടും  ഷട്ടറുകൾ തുറക്കാൻ വൈകിയതാണ് പരിയാറിൻെറ തിരകളേയും കൊച്ചി നഗരത്തിൻെറ ഭാഗങ്ങളേയും പൂർണമായ് ജലത്തിനടിയിൽ ആക്കിയതെന്ന് ആരോപണമുണ്ട്.

തമിഴനാടിൻെറ നിയന്ത്രണത്തിലുള്ള അപ്പർഷോളയാർ

പറമ്പികുളം ഡാമുകളും ഷട്ടർ തുറക്കുന്ന വിവരം യഥാസമയം കേരളം അറിയാതെ പോയതും

വെള്ളപൊക്കത്തിൻെറ ആഘാതം കൂടാൻ കാരണമായി.ഡാം തുറക്കുന്നതിന് ഏതാനും മണിക്കൂർ

മാത്രമാണ് തമിഴനാട് വിവരം പുറത്ത് വിട്ടത് . ബാണാസുരസാഗർ അണകെട്ട് മണ്ണ്കൊണ്ടാണ് നിർമിച്ചിരിക്കുന്നത് .അതിനാൽ പരമാവതി ജലനിരപ്പിൽ നിന്ന് ഒട്ടും തന്നെ ജലം ഡാമിൽ നിർത്താൻ സാധ്യമല്ല . ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് 2018 ജൂലൈ 15 ന് ഡാംപുറത്തേക്കൊഴുക്കിയിരുന്നു.

വെള്ളം തുറന്ന് വിട്ടപ്പോൾ

ജലം കുത്തിയൊഴുകി വീടുകൾ തകർന്നും മറ്റുംദുരിതത്തിലായത് വയനാട്ടിലെ 7 പഞ്ചായത്തിലാണ്.

മഹാപ്രളയം കേരളത്തെ ഒന്നായ് മുക്കിക്കളഞ്ഞ വർഷമായിരുന്നു 2018 . 1924 ലെ പ്രളയത്തിനു ശേഷം ഏറ്റവും വലിയ വെള്ളപ്പൊക്ക ദുരന്തത്തിനാണ് കേരളം സാക്ഷ്യം വഹിച്ചത് .

***AVANTHIKA.K***

***9A***

# ഇന്നലകളെ..

•



പാഠം ഒന്ന് പാടത്ത്




മരം ഒരു വരം




ഹസ്നയും ഹുസ്നയും സംസ്ഥാനശാസ്ത്രമേളയിൽ

# PROUD OF YOU




- "We realize the importance of our voices only when we are silenced." ...
- "One child, one teacher, one book, one pen can change the world." ...
- "When the whole world is silent, even one voice becomes powerful." ...
- "Education is education.

# QUOTES OF ABDUL KALAM



- “You have to dream before the dream comes true.” — ...
- “The bird is powered by its own life and by its motivation.” ...
- “One best book is equal to a hundred good friends, but one good friend is equal to a library.” — ...
- “We Should not give up and we should not allow the problem to defeat us.” ...
- “All of us do not have equal talent.

Fathima V.P
*IX-D*

# ഓർമ്മകൾ




വിനോദയാത്രയിൽ നിന്നും



## സബ്ജില്ല കായിക ജേതാക്കൾ



എന്റെ വിദ്യാലയം



ഗാന്ധിജയന്തിദിനാഘോഷം



ഓണം പൊന്നോണം

# Trees of Life

We should understand the importance of trees in our lives and do our best to save them and consequently save the earth. Here are some facts of serious concern that show us how essential it is to act how. Agriculture is the leading cause of deforestation.

Even if the agriculture land is given back to nature it has lost the biodiversity that ones lived 0n it.A tree produces 260 pounds of oxygen in a year. Also in a year a tree can absorb as much carbon dioxide produced by a car driving 26000 miles research shows that 15.3 billion trees are cut down every year.

One and a half acres of forest is deforested every second.It has been found that loss of trees is connected to higher death rate n human beings.

So plant trees, save life, save earth.

Sarang p

# Butterflies Are Pretty Things



*Butterflies are pretty things*
*prettier than you or I;*
*See the colours on his wings;*
*who would hurt a butterfly?*
*'softly, softly, girls and boys;*
*he'll come near us by and by;*
*we'll not hurt you, butterfly;*
*Let all little children try;*
*See, again he's on the wing;*
*Good by! Pretty butterfly!*

*RAFNA*

# The Dandelion

O dandelion, yellow as gold what
do you do all day
i just wait here in the tall green grass
till the children come to play
dandelion, yellow as gold
what do you do all night
I wait and wait till the cool dews fall
and my hair grows long and while
and what do you do when your
hair is white
And children come to play.
They take me up in their dimpled hand
and blow my hair away.

-anonymous

fathimathul hiba 9 D

# സ്നേഹം

അവൻ കരയുകയായിരുന്നു.കാറിൽനിന്ന്
വൃദ്ധസദനത്തിലേക്ക് എത്തി നോക്കി.അവന്റെ കണ്ണിൽ
നിന്ന് കണ്ണുനീർ ഒഴുകി. ഇനി എപ്പോഴാണ് മുത്തശ്ശിയെ
കാണാൻ കഴിയുക?
എവിടെയാണ് മുത്തശ്ശിയെ കൊണ്ടു വിട്ടത്?കേവലം 5
വയസ്സ് മാത്രമുള്ള കുട്ടി ചിന്തിക്കുകയായി . ഇന്നലെ
മുത്തശ്ശിക്ക് രോഗമാണെന്ന് അമ്മ പറഞ്ഞിരുന്നു. അവിടെ
ആരാണ് മുത്തശ്ശിയെ സംരക്ഷിക്കുക? പാവം മുത്തശ്ശി .
അമ്മ മുത്തശ്ശിയെ വഴക്ക് പറയുമായിരുന്നു.
ഗോപു.... അമ്മയുടെ വിളിയിൽ നിന്നാണവൻ
ഉണർന്നത്.. എഴുന്നേറ്റപ്പോൾ തന്നെ ചായ കുടിക്കാൻ
പോയപ്പോൾ സ്വപ്നത്തെക്കുറിച്ച് അവൻ ഓർത്തത്.
എന്റെ മുത്തശ്ശിയുടെ മടിയിലേക്കോടി മുത്തശ്ശി അവനെ
താലോലിച്ച് അവൻ അമ്മയോട് തന്റെ സ്വപ്നത്തെക്കുറിച്ച്
പറഞ്ഞു.അമ്മ പുഞ്ചിരിച്ചു.

Nidha
9 A

പാഠം- *1*

# പാടത്തേക്ക്

*അഭിമുഖം*

*ജൈവ കർഷകൻ ഷിംജിത്ത് തില്ലങ്കേരിയുമായുള്ള അഭിമുഖത്തിൽ നിന്ന്*



സന: ജൈവ കീടനാശിനി ഉപയോഗിക്കുന്നതിൻ നേട്ടമെന്ത്?

ഷിംജിത്ത്: മായമില്ലാത്ത പച്ചക്കറി കഴിക്കാം.

റന : ജൈവ കീടനാശിനിക്ക് ഉദാ ഹരണം എന്തല്ലാം ?



ഷിംജിത്ത്: പുകയില കഷായം, വേപ്പെണ്ണ എമൾഷൻ ഇതു കൂടാതെ നമ്മുടെ പറമ്പി ൽ കാണുന്ന ഈ മഞ്ഞ പൂവ് വെള്ളത്തിലിട്ട് വച്ച് ആ വെള്ളം കടഞ്ഞാൽ കീനാശിനികൾനശിച്ചുപ്പോകും.



റജ: ഈ സംയോജിത കൃഷി കൊണ്ടുള്ള ഗുണമെന്തെല്ലാം?

ഷിംജിത്ത്: കുറഞ്ഞ സ്ഥലത്ത് കൂടുതൽ കൃഷി ചെയ്യാം വളരെ ലാഭകരമാണ് waste ഉണ്ടാകുന്നില്ല പശുവിൻ ചാണകം വ

ളമായ് നൽകാം. നെല്ലി
ൻെ വൈക്കോല് പശു
വിന് നൽകാം.

ശാകിറ : പതിവയ്ക്കൽ കൊണ്ടുള്ള ഗു
ണമെന്ത്?

ഷിംജിത്ത് : ഒരു മരത്തിൽ നിന്ന് ത
ന്നെ കൂടുതൽ തൈ ഉൽ
പാതിപ്പിക്കാം.

റിദ: കൊമ്പൊട്ടിക്കലിൻെ ഗുണമെ
ന്ത് ?

ഷിംജിത്ത്: ഗുണമേന്മയുഴള്ള തൈകൾ
ഉൽപാതിപ്പിക്കാം.

നാസിയ: ബഡ്ഡിംഗിൻെ ഗുണമെന്ത്?

ഷിംജിത്ത്: ഒരു ചെടിയിൽ തന്നെ കുറെ

ഷിംജിത്ത്: ഒരു ചെടിയിൽ തന്നെ കുറെ
നിറത്തിലുള്ള പൂക്കൾ ഉണ്ടാക്കാം

സന: ഇത്രയും അറിവ് ഞങ്ങൾക്ക്
പകർന്നതന്നതിന് നന്ദി.

-SANA 6B

# B U N N Y ' S H O U S E

**Once** up on a time there lived a rabbit named bunny. He lived in a red mud house in a  forest. Bunny's mud house was pretty .But it was so small and week.

One day Bunny was standing outside his mud house. Suddenly he saw a big dark loud coming over him. It had a wicked smile on its face .The dark cloud said to Bunny 'be ready to get wet Bunny. I am going to pour down water on your mud house'.

"Oh no...... please do not destroy my house. I have no other place to stay" Bunny said. But the dark cloud did not listen to his cries.  It rained Bunny lost a part of house.  He cried a loud. The sun who was standing behind the dark cloud and heard Bunny's cry. He came out and asked "Bunny, why are you crying"?

Bunny said "the dark cloud is trying to destroy my house. I have no place to live . Please help me".

The sun shine more brightly and look angrily at the dark cloud. The dark cloud was frightened and went away.   *-RIYA NANDANA*

# സൂര്യൻ



കിഴക്കേ കുന്നിൻ ചെരുവിൽ
നിന്നും
പൊങ്ങി വരുന്നേയൊരു
കിണ്ണം
ചുറ്റും സ്വർണപ്രഭയേകീടും
കാണാൻ ചേലുള്ളൊരു കിണ്ണം
മെല്ലേ, മെല്ലേ മേലോട്ടങ്ങനെ
പൊന്തും കിണ്ണം കണ്ടോളൂ
പൊങ്ങിപ്പൊങ്ങിയുച്ചയടുത്താൽ
അമ്പോ, എന്തൊരു ചൂടാണ്.
അന്തി കറുക്കാൻ നേരം നോക്കി
കടലിൽ ചെന്ന് കുളിക്കുമിവൻ
നേരം തെറ്റാതുണരാനായി

FIBA SIRAJ

# പിരിയാന് പറ്റാത്ത രണ്ട് ഹൃദയങ്ങൾ

ഒരിടത്ത് ഒരു വീടുണ്ടായിരുന്നു അവിടെ ഒരു കൊച്ചു പെൺകുട്ടി ഉണ്ടായിരുന്നു അവളുടെ പേര് അമ്മു.അമ്മുവിന് ഒരു കളികൂട്ടുകാരൻ ഉണ്ടായിരുന്നു കിട്ടു.കിട്ടു ഒരു നായ കുട്ടിയായിരുന്നു. അവർ രണ്ട് പേരും പിരിയാൻ പറ്റാത്ത വിതം അടുത്തിരുന്നു. അമ്മു പോവുന്ന സ്ഥലങ്ങളിൽ എല്ലാം കിട്ടുവിനെ കൂട്ടാറുണ്ട്. ഒരു ദിവസം അമ്മുവിന്റെ അച്ഛൻ പറഞ്ഞു അമ്മു നാളെ നമ്മൾ ദുബായ്ക്ക് പോവുന്നുണ്ട്.അമ്മു പറഞ്ഞു എന്നാൽ ഞാൻ വേഗം പോയി എന്റെ കിട്ടുവിനോട് ഈ സന്തോഷവാർത്ത പറയട്ടെ . അപോൾ അമ്മുവിന്റെ അച്ഛൻ പറഞ്ഞു അമ്മു കിട്ടുവിനെ കൊണ്ട് പോവാൻ പറ്റില്ല എന്നു പറഞ്ഞു. അത് കേട്ട അമ്മുവിന് വളരെ സങ്കടമായി അപ്പുറത്ത് നിന്ന് കേൾകുന്നുണ്ടായിരിന്ന കിട്ടുവിന് വളരെ സങ്കടമായി.അങ്ങനെ രാത്രിയായി അമ്മുവിന്റെ

മുറിയിൽ തന്നെയായിരുന്ന കിട്ടുവും കിടക്കുന്നത്
അമ്മു കുഞ്ഞായതുകൊണ്ട് വേഗം ഉറങ്ങി തുടങ്ങി
പക്ഷേ കിട്ടു ഉറങ്ങാതെ അമ്മുവിനെ നോക്കി നിൽ
ക്കുന്നത് അമ്മുവിന്റെ അച്ഛൻ കണ്ടു. അപ്പോഴാണ്
മനസ്സിലായത് അമ്മുവിന്റെയും കിട്ടുവിന്റെയും വിട്ടു
പിരിയാൻ പറ്റാത്ത സ്നേഹത്തെ പറ്റി മനസ്സിലായത്.
അത് കൊണ്ട് അമ്മുവിന്റെ അച്ഛൻ ട്രിപ്പ് പോവുന്നില്ല
എന്ന് വെച്ചു. രാവിലെയായപ്പോൾ അമ്മുവും കിട്ടുവും
എഴുന്നേറ്റു. അപ്പോഴാണ് ആ നല്ല വാർത്ത
കേൾക്കുന്നത് ട്രിപ്പ് പോകുന്നില്ലാ എന്ന് .അമ്മുവിനും
കിട്ടുവിനും ഇതുവരെ ഇല്ലാത്ത സന്തോഷം
അമ്മുവിന്റെ അച്ഛൻ കണ്ടു.ആ സന്തോഷത്തിൽ
അമ്മുവിന്റെ അച്ഛനും പങ്കു ചേർന്നു.......

NESHBA
8-F

# ബഷീർ എന്ന
# ബല്യ ഒന്ന്

അവശൻ കക്കാടിന്റെ

ദീനശയ്യയിലന്നാൾ

അവിടന്നിരിക്കെ ഞാൻ

അർഥിച്ചേൻ പേരക്കുട്ടി

ഇവൾ ഈശ്വരസത്യ

ജ്ഞാനി സൂഫിയാം താങ്കൾ

ഇവളെ  നിറുകയിൽ

തൊട്ടനുഗ്രഹിച്ചാലും

കുഴിയാനയി,ലാടിൻ

അണ്ഡകോടിയിൽ സ്നേഹ

പ്പൊരുൾ തേടിന കൈയാൽ

താങ്കളെൻ കിടാവിനെ

എടുത്തു മടിയിൽ ചേർ

ത്തിരുത്തി വിക്രുതിക

ളുരച്ചും കളിച്ചിരി

യുതിർത്തും  രണ്ടാംബാല്യം

ഇമ്പമായ് നണച്ചിരിക്കുമ്പോൾ

ഞാൻ ചൊന്നേൻ

പൈതൽ മുണ്ടിൻ മേലഴുക്കാക്കാം

കരുതിയിരിക്കുക

ഉറകെചിരിച്ചു കൊ-

ണ്ടങ്ങകൻ മറുപടി

മിടുക്കത്തിയെൻ മെയ്യിൽ

തളിച്ചോളട്ടെ തീർഥം

പുഴയും പുഴയും ചേർ -

ന്നാനന്ദക്കടലാകും

കലയങ്ങതൻ കണ്ണിൽ

നർമ്മമായ് തിളങ്ങുന്നു

(വൈഷ്ണവം )

വിഷ്ണുനമ്പൂതിരി

*Hannath k.k*

# സ്മരണ

ജനിക്കും മുമ്പേ പൊലിഞ്ഞ്പോയ്
എന്നിൽ നിന്നകലോക്കകന്നുപോയ്
ഒരു നോക്ക് കാണാതെയകന്നുപോയ്
എന്നിൽ നിന്നെങ്ങോ അകന്നുപോയ്
ചുമരിലെ ചായപടത്തില്ലൂടെ
നിത്ത്യമാർക്കുന്ന ഞാനാ മിഴികൾ
ഒരു വാക്കു പോലുമെന്നോട് മിണ്ടാതെ
കൂരിരുട്ടിൽ പോയ് മറഞ്ഞതെന്തിന്

Arsharaj p.m
8-d

# മുന്നോട്ട്...

കണ്ണീരിനു നിറമുണ്ട്...

ചുടുചോരയുടെ കരിംചോപ്പു നിറം..

കണ്ണീരിനു മണമുണ്ട്...

നോവിന്റെ മടുപ്പിക്കുന്ന മണം...



കണ്ണീരിനു രുചിയുണ്ട്...

ഉപ്പു നിറഞ്ഞ കയ്പ്പു രുചി...

കൈയും കാലും തളർന്നു വിറച്ചു, പല്ല് കൂട്ടികടിച്ചു, മുഖത്തെ

മാംസം ഇറുക്കിപിടിച്ചിട്ടും, അടക്കിപിടിച്ച കരച്ചിലിൻ

ചീളു ചങ്കിൽ നിന്നും പൊട്ടിച്ചിതറി കവിളിലൂടെ

അണപൊട്ടിയൊഴുകിയിട്ടും ;

നിന്റേതെന്നു നീ കരുതിയ കണ്ണുകളിൽ ഭാവമാറ്റത്തിന്റെ

നിഴലാട്ടം പോലുമില്ലെന്ന് മനസ്സിലാക്കുന്ന നിമിഷം,

തിരിഞ്ഞു നടക്കുക....

ഇടിയും മിന്നലും പെരുമഴയുമുള്ള രാത്രിയിൽ ,

നനഞ്ഞൊലിക്കുന്ന കൂരക്കു കീഴിൽ അമ്മ

കുഞ്ഞുങ്ങൾക്കായി സുരക്ഷിതമായ മൂല കണ്ടെത്തുന്ന

പോലെ,

മുറിവേറ്റു ചോര വാർന്നൊലിക്കുന്ന മനസ്സിന്റെ ഏതെങ്കിലും

കോണിൽ നീ നിന്റെ നൊമ്പരവും പരാതികളും ആശകളും

പ്രതീക്ഷകിരണങ്ങളും കൂട്ടിവയ്ക്കുക....

നിന്റെ ജീവിതത്തിൽ വിഷക്കാറ്റു വമിക്കുന്ന പടുമരങ്ങളുടെ

തണലിലെ വിശ്രമം ഇനി വേണ്ട....

മുന്നോട്ടു നടക്കുക....

നിന്റെ കണ്ണീരിനു അർത്ഥമുണ്ടാകുന്ന തുരുത്ത് വരെ

നടത്തം തുടരുക.....

നിന്റെ ചിന്തകൾക്ക് അർത്ഥം അറിയുന്നവരുടെ

ഇടയിൽ....

നീ നീയാകുന്ന ആശ്വാസതുരുത്തിൽ വിശ്രമിക്കുക....

FATHIMTH SAJLA IX C

# സ്നേഹം



''..അച്ഛനായിരുന്നു മണ്ണ്...

അതിൽ വേരുറപിച്ചു നിൽക്കുന്ന

ഒരു ചെടിയാണെന്റെമ്മ...,

ഇവർക്കു

രണ്ടുപേർക്കുമിടയിൽ

നീ...

പറഞ്ഞ സുന്ദരിയായ

പൂവാണിന്നു ഞാൻ.,

അതുകൊണ്ട്

എന്നെ സ്നേഹിക്കുന്നവൻ

ഈ മണ്ണിനെയും ചെടിയേയും

സ്നേഹിക്കുന്നവനായിരിക

Fathima muhammed -IX. D

# Thank you

## LITTLE KITES 2019-2020

## SIVAPURAM HSS